LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏര്യം പുഴയ്ക്ക് കുറുകെ പൂരക്കടവിൽ റെഗുലേറ്റർ-കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും IDRB-യിൽനിന്ന് ഡിസൈൻ ലഭിക്കുകയും ചെയ്തു. അംഗീകരിച്ച ഡിസൈൻ പ്രകാരം നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രൊപ്പോസൽ NABARD-ന്റെ മാനദണ്ഡങ്ങൾ അനുസരിച്ചിട്ടുള്ളതാണോ എന്ന് പഠിശോധിച്ച് നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

എലവത്തിങ്കൽ ചിറ ഫാം റോഡ് നന്നാക്കൽ പ്രവൃത്തി

215(2684) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ 2014-ൽ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കടങ്ങോട് പഞ്ചായത്തിലെ എലവത്തിങ്കൽ ചിറ ഫാം റോഡ് നന്നാക്കൽ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്;

(സി) ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മൈനർ ഇറിഗേഷൻ 2014-ൽ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കടങ്ങോട് പഞ്ചായത്തിലെ എലവത്തിങ്കൽ ചിറ ഫാം റോഡിന്റെ പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ & എ)-യുടെ ഓഫീസിൽ തയ്യാറാക്കിവരുന്നു.

(ബി) സാങ്കേതികാനുമതി നൽകുന്നത് ചീഫ് എഞ്ചിനീയറും ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത് ചെറുകിട ജലസേചന വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുമാണ്.

(സി) പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നതുകൊണ്ട് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിട്ടത്.

അരുവിക്കരയിലെ പുതിയ ജലശുദ്ധീകരണശാല

216(2685) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കടിവെള്ള പദ്ധതിയിൽ പൂർത്തിയാക്കിയ തിരുവനന്തപുരം അരുവിക്കരയിലെ പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണച്ചുമതല ഏത് കമ്പനിക്കായിരുന്നു;

(ബി) ഏത് വർഷമാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിയത്; കരാറനുസരിച്ച് എത്ര വർഷമാണ് പ്രസ്തുത കമ്പനി തന്നെ ഈ ശുദ്ധീകരണ ശാല പ്രവർത്തിപ്പിക്കേണ്ടത്;

(സി) പ്രസ്തുത ശുദ്ധീകരണശാലയിൽ ഏത് സാങ്കേതിക വിദ്യയാണ് ഉപയോഗപ്പെടുത്തിരിക്കുന്നത്; വിശദാംശം നൽകുമോ; ഇത് ഏതെങ്കിലും കമ്പനിയുടെ പേറ്റന്റ് ഉള്ള സാങ്കേതിക വിദ്യയാണോ ;

(ഡി) ശുദ്ധീകരണശാല പ്രവർത്തിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയിലെ എൻജിനീയർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ടോ; ഇത് പൂർണ്ണമായി വാട്ടർ അതോറിറ്റിക്ക് കൈമാറുമോ; എങ്കിൽ എന്നത്തേക്ക് എന്നറിയിക്കുമോ?

ഉത്തരം

(എ) M/s. Degremont എന്ന കമ്പനിക്കായിരുന്നു.

(ബി) 2011-ൽ നിർമ്മാണം പൂർത്തിയാക്കി. 2 വർഷം

(സി) പൾസേറ്റർ സാങ്കേതിക വിദ്യയാണ് പ്രസ്തുത ശുദ്ധീകരണശാലയിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. M/s.Degremont എന്ന കമ്പനിക്ക് ഈ സാങ്കേതിക വിദ്യയിൽ പേറ്റന്റ് ഉണ്ട്.

(ഡി) പരിശീലനം നൽകിയിട്ടുണ്ട്. മേയ് 2013-ൽ ഇതിന്റെ പ്രവർത്തനം പൂർണ്ണമായും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly